കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാവാലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി10-516/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com

തീയതി, 10.06.2019

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാവാലം ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : കാവാലം ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവാലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-6 ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ 3-3, 3-6 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി10-516/2019 തീയതി, 10.06.2019

.
.

## ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 03.04.2019 മുതൽ 17.04.2019 വരെ | ശ്രീ. ആർ.രാജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | സന്ധ്യ രമേശ് | 01.04.2017 മുതൽ 31.03.2018 വരെ |

2).സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | പി എസ് ശിഖിവാഹനൻ | 01.04.2017 മുതൽ 30.12.2017 |
| 2 | എസ്.രാജശേഖരൻ (ഇൻചാർജ്ജ്) | 31.12.2017 മുതൽ 18.01.2018 വരെ |
| 3 | ജി രാജ്കുമാർ | 19.01.2018 മുതൽ 31.03.2018 |

3).സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേര് വിവരം

| ക്രമ നം. | സ്റ്റാൻറിംഗ് കമ്മിറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ഒ ജി ഷാജി | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനം | ദീപാമോൾ ശശിധരൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ആരോഗ്യം | ഡോ. റ്റി എൻ രാമൻപിള്ള | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 4 | ക്ഷേമം | റീനാമോൾ | 01.04.2017 മുതൽ 31.03.2018 വരെ |

4). മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | അനിൽ കെ ആന്റോ | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വെറ്റിനറി സർജൻ | ഡോ. ദിവ്യ ചന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | അഞ്ജു അരുമനായകൻ | 01.04.2017 മുതൽ 16.06.2017 വരെ |
| 4 | | ജീന വർഗ്ഗീസ് | 17.06.2017 മുതൽ 05.12.2017 വരെ |
| 5 | | മോനിഷ എസ് | 07.12.2017 മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ-അലോപ്പതി | ഡോ. നിഥുൻ കബീർ | 01.04.2017 മുതൽ 31.03.2018 വരെ |
| 7 | മെഡിക്കൽ ഓഫീസർ-ആയൂർവേദം | ഡോ. ഹാരജ | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ. പ്രീത നായിക് | 01.04.2017 മുതൽ 31.03.2018 വരെ |
| 9 | ഹെഡ്മിസ്ട്രസ്സ് | ഷൈല പി രാജ് | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | റ്റി ആർ തിലകൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 11 | വി ഇ ഒ | അനിൽകുമാർ ബി | 01.04.2017 മുതൽ 31.03.2018 വരെ |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | എസ് രാജശേഖരൻ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 | ബഡ്ജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | ഭാഗം 2 |
| 12 | 2-1 | തൊഴിൽ നികുതി പിരിവ് - അപാകങ്ങൾ |
| 13 | 2-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത് |
| 14 | 2-3 | ഡി&ഒ ലൈസൻസ് ഫീസ്-അപാകങ്ങൾ |
| 15 | 2-4 | ഇ.എം.ഡി ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 16 | 2-5 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല |
| 17 | 2-6 | ജങ്കാർ ലേലം-ലേലം നടത്തുന്നതിന്റെ വിവരങ്ങളില്ല |
| | | ഭാഗം 3 |
| 18 | 3-1 | ശമ്പള കുടിശ്ശിക-പരിഷകരിച്ച നിരക്കിനനസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല |
| 19 | 3-2 | ഫെസ്റ്റിവൽ അഡ്വാൻസ്-പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 20 | 3-3 | ഇ.എം.എസ്. ഭവനവായ്പ തെറ്റായ ഹെഡ്ഡിൽ വരവ് വച്ചതു മൂലം വായ്പ ഇപ്പോഴും കുടിശിക നില്ക്കുന്നു. |
| 21 | 3-4 | തനത് ഫണ്ട് അക്കൗണ്ടിൽ അധിക ചാർജ്ജ് ഈടാക്കുന്നു |
| 22 | 3-5 | ട്രാൻസ്ഫോർമറുകളിൽ മീറ്റർ സ്ഥാപിക്കൽ - പെർഫോമൻസ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 23 | 3-6 | പ്രൊജക്റ്റിൽ വിഭാവനം ചെയ്തതിനേക്കാൾ കൂടുതൽ സാധനങ്ങൾ വാങ്ങിയതു സംബന്ധിച്ച് |

| | | |
|---|---|---|
| 24 | 3-7 | കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതി-വാഴവിത്ത് വിതരണം-വിതരണ രേഖകളില്ല |
| 25 | 3-8 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പദ്ധതി-നിയമാനുസൃതമായി കരാർ ചമച്ചില്ല |
| 26 | 3-9 | കരാർ പ്രകാരമുള്ള കാലയളവിൽ പ്രവർത്തി പൂർത്തകരിച്ചില്ല-ഫൈൻ ഈടാക്കിയില്ല |
| 27 | 3-10 | എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് - പ്രവർത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് |
| 28 | 3-11 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ-ഫയലുകൾ ഹാജരാക്കിയില്ല |
| 29 | 3-12 | പഞ്ചായത്ത് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ബാധ്യതകളുടെ വിശദാംശങ്ങൾ ലഭ്യമല്ല |
| ഭാഗം 4 | | |
| 30 | 4-1 | വാർഷിക കണക്കുകളുടെ പരിശോധന |
| 31 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 32 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 33 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ |
| 34 | 4-5 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം |
| 35 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 36 | 4-7 | ഓഡിറ്റ് റിക്കവറി |
| 37 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 38 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 39 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 40 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 41 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 42 | അനുബന്ധം2 | |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2016-17 വർഷത്തെ ബജറ്റ് 20.03.2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് പാസ്സാക്കി അംഗീകൃ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 98435867 | 43873304 |
| വാർഷിക കണക്ക് പ്രകാരം | 98287252 | 42527492 |

ഇ.എഫ്.എം.എസ് വഴി NREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ വന്നിട്ടുള്ള വരവു ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ ഉൾപ്പെടെയുള്ള കണക്കു നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് വ്യക്തമാകുന്നു.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 02.06.2018 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഈ ഓഫീസിലെ 10.08.2018ലെ കെ.എസ്.എ-എ.എൽ.പി/ജി.എ4-1126(35)/2018 നമ്പരായി ഓഡിറ്റ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 1-4 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7519251 |
| വരവ് | 43873304 |
| ആകെ | 51392555 |

| | |
|---|---|
| ചെലവ് | 42527492 |
| നീക്കിയിരിപ്പ് | 8865063 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 10750000 | 10750000 | 10744065 | 5935 |
| വികസന ഫണ്ട് (എസ്.സി.പി) | | 2306601 | 2306601 | 1991901 | 314700 |
| വികസന ഫണ്ട് (ടി.എസ്.പി) | | 10114 | 10114 | 0 | 10114 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | | 3553709 | 3553709 | 3553447 | 302 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 3680387 | 3680387 | 3680202 | 185 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5082718 | 5082718 | 5057515 | 25208 |
| ബി ഫണ്ട് | | 29279840 | 29279840 | 29279840 | |
| ടോട്ടൽ സാനിറ്റേഷൻ | | | | | |
| റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 2495653 | 5157000 | 7652653 | 2480530 | 5172123 |
| റ്റി.എസ്.ബി (ജോയന്റ് വെഞ്ചർ) | - | 2026484 | 2026484 | 1469940 | 556544 |
| എസ്.ബി.റ്റി കാവാലം കെ.ഡി.പി | 485327 | 18077 | 503404 | | 503404 |
| എസ്.ബി.റ്റി കാവാലം പ്ലാൻ ഫണ്ട് (ന്യൂ) | 155471 | - | 155471 | - | 155471 |
| ഇ-പേയ്മെന്റ് അക്കൗണ്ട്. | | 14834 | 14834 | - | 14834 |
| എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 26317 | 1747231 | 1773548 | 1760652 | 12896 |
| എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | | 14633602 | 14633602 | 14633602 | |
| തനത് ഫണ്ട് (ക്യാഷ്) | 273594 | 33500110 | 33773704 | 33681419 | 92285 |
| തനത് ഫണ്ട് (ബാങ്ക്) | 4082395 | 38716304 | 42798699 | 40441687 | 2357012 |
| തനത് ഫണ്ട്.പിഎൻബി ഗ്രാൻറ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഐ.സി.ഡി.എസ്) | 371628 | 0 | 371625 | 18720 | 352908 |
| ജോയിന്റ് വെഞ്ചർ - ബ്ലോക്ക് പഞ്ചായത്ത് | 164485 | 180000 | 344485 | 56150 | 288335 |
| ജോയിന്റ് വെഞ്ചർ - ജില്ലാ പഞ്ചായത്ത് | - | 1160000 | 1160000 | 1160000 | |

## 1-6 പദ്ധതി അവലോകനം

| മേഖല | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| ഉത്പാദനം | 14 | 4825486 | 14 | 4484481 | 0 | 0 | 100% |
| സേവനം | 58 | 24338377 | 48 | 18772013 | 6 | 4 | 82.76% |
| പശ്ചാത്തലം | 42 | 6739516 | 36 | 6029258 | 0 | 6 | 85.71% |
| ആകെ | 114 | 35903379 | 98 | 29285752 | 6 | 10 | 85.96% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 26317 | 1747231 | 1773548 | 1760652 | 12896 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 14633602 | 14633602 | 14633602 | |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 83040 | 165 |
| കർഷകതൊഴിലാളി പെൻഷൻ | 12490800 | 1136 |
| വിധവാപെൻഷൻ | 4603600 | 421 |
| വാർദ്ധക്യകാലപെൻഷൻ | 9231900 | 842 |
| വികലാംഗപെൻഷൻ | 2385400 | 210 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 484500 | 43 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 53607/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന കത്തുകളും, ഇ-മെയിലുകളുമാണ് ഓഫീസ് മേധാവി ഇൻഷ്യൽ ചെയ്ത് സെക്ഷനുകൾക്ക് നൽകുന്നത്. അല്ലാതെയുള്ള അപേക്ഷകളും മറ്റും നേരിട്ട് സെക്ഷനിലേയ്ക്ക് പോകുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
3. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
4. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 21.02.2018 | 01/2018 | റിപ്പോർട്ട് |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.02.2016 | 2010-11 മുതൽ 2014-15 വരെ | 21.04.2016 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവ് - അപാകങ്ങൾ

കാവാലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പത്രികകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചത് പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | ആകെ |
|---|---|---|---|
| മാവേലി സ്റ്റോർ | 1250 | 1250 | 2500 |
| KSEB Section ഓഫീസ് | 1250 | 1250 | 2500/- |
| മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് | 1250 | 1250 | 2500/- |

ഈയിനത്തിലായി 2017-18 ൽ ലഭിക്കേണ്ട 7500/- രൂപയുടെ വരുമാനം ലഭിച്ചിട്ടില്ല. പഞ്ചായത്തിനുണ്ടായ വരവുനഷ്ടം നിയമാനുസൃത നടപടികളിലൂടെ ഈടാക്കേണ്ടതാണ്.

2. സ്ഥിരം, കരാർ/താത്കാലിക ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പത്രികകൾ, രജിസ്റ്ററുകൾ എന്നിവയനുസരിച്ച് താഴെപ്പറയുന്ന ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. KSEB ഇലക്ട്രിക്കൽ സെക്ഷൻ മങ്കൊമ്പ് എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് അർദ്ധവർഷത്തെയും തൊഴിൻ നികുതി ഈടാക്കിയിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരും കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള സി.ഡി.എസ് അക്കൗണ്ടന്റ്, പാലിയേറ്റീവ് നഴ്സ് എന്നിവരും തൊഴിൽ നികുതി ബാധകമായ വരുമാന പരിധിയിൽ ഉൾപ്പെടുന്നവരാണ്. എന്നാൽ രണ്ട് അർദ്ധവർഷത്തെയും തൊഴിൻ നികുതി ഇവരിൽ നിന്നും ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേകിച്ച് സ്കൂളുകളിലും സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ കരാർ, ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്. നിലവിലെ മിനിമം വേതന നിരക്കുകളും സർക്കാർ സ്ഥാപനങ്ങളിലെ കരാർ, ദിവസ വേതന നിരക്കുകളും തൊഴിൽ നികുതി സ്ലാബുകളിലെ വരുമാന പരിധിയിൽ പെടുന്നതിനാൽ ഇവരിൽ നിന്നും നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത്

തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. കാവാലം ഗ്രാമപഞ്ചായത്തിൽ മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ആകെ മൂന്ന് ടവറുകളുടെ നികുതി മാത്രമാണ് അസ്സസ്സ് ചെയ്തിട്ടുള്ളത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| 1 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമി. | 4/8 B | 9.45 ച.മീ. | 6635 | 2013-14 മുതൽ |
| 2 | ഡിഷ്നെറ്റ് വയർലെസ്സ് കമ്മ്യൂണിക്കേഷൻ | 7/204A | 10 ച.മീ. | 7605 | |
| 3 | ഡബ്ല്യൂ.റ്റി.റ്റി.ഐ.എൽ.എസ്സ്.എൽ | 4/8A | 14.5 | 11028 | |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഈ മൂന്ന് ടവറുകളും നികുതി നിർണ്ണയിച്ചതു മുതൽ നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഈ

ടവറുകളുടെ വസ്തു നികുതി ഒടുക്കാത്തതു സംബന്ധിച്ച് എൻക്വയറി നൽകിയതിൽ ഐഡിയ, ഡബ്ല്യൂ.റ്റി.റ്റി.ഐ. എൽ. എസ്സ്.എൽ ടവറുകളുടെ തൻവർഷം ഒഴികെയുള്ള നികുതി ഒടുക്കിയെന്നും ഇതിൽ ഡിഷ്നെറ്റ് ടവറിന്റെ വസ്തുനികുതി നാളിതുവരെയായി ഈടാക്കിയിട്ടില്ല എന്നും ഈ ടവർ നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ടവർ കെട്ടിടത്തിന്റെ നികുതി കുടിശ്ശിക ഈടാക്കുന്നതിന് എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് ഫീസ്-അപാകങ്ങൾ

2017-18 സാമ്പത്തിക വർഷത്തെ ഡി & ഒ ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധച്ചതു പ്രകാരം താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 1996 ലെ പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ, ഫാക്ടറികൾ എന്നിവക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ, നീതി സ്റ്റോർ (പട്ടിക ക്രമ നം-149) പാരാമെഡിക്കൽ, ലാബുകൾ (ക്രമ നം-143) അബ്കാരി ഷോപ്പുകൾ(കള്ളുഷാപ്പ്) (ക്രമ നം-139), പാൽ സൊസൈറ്റി (ക്രമ നം-132), ഫോട്ടോകോപ്പി, കംപ്യൂട്ടർ ടൈപ്പ് റൈറ്റിംഗ് വർക്ക് നടത്തുന്ന സ്ഥാപനങ്ങൾ ( ക്രമ നം-127) എന്നിങ്ങനെയുള്ള വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നില്ല.
2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുക്കാതെയും ബിസിനസിന്റെ സ്വഭാവ പ്രകാരം കുറഞ്ഞ തുക മാത്രം ഫീസ് നൽകിയുമാണ് പ്രവർത്തിക്കുന്നത്. വിവിധ തരം വ്യാപാരങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ മുതൽമുടക്ക്, വിറ്റുവരവിന്റെ തോത് എന്നിവ പരിഗണിക്കാതെ ഒരേ നിരക്കാണ് ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും ഫീസായി ഈടാക്കിയിട്ടുള്ളത്. വർഷങ്ങളായി ഈടാക്കിവരുന്ന അതേ നിരക്കിലുള്ള ഫീസ് തന്നെയാണ് സ്ഥാപനങ്ങളുടെ വിറ്റുവരവിലെ ആനുപാതിക വർദ്ധന കണക്കിലെടുക്കാതെ ഈടാക്കിയിട്ടുള്ളത്.
3. പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കുന്ന D&O ലൈസൻസ് രജിസ്റ്ററിൽ ബിസിനസ് സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്താതെ പകരം ഉടമയുടെ പേര് വിവരം, സ്ഥിര മേൽവിലാസം എന്നിവയാണ് ചേർത്തിട്ടുള്ളത്. 2017-18-ൽ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള 124 സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. 2016-17 ലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 312 സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും ആകെ സ്ഥാപനങ്ങളുടെ കണക്ക് തയ്യാറാക്കുന്നില്ല. ഇതിനാൽ ഓരോ വർഷത്തിലും ലൈസൻസിന് അപേക്ഷിക്കാത്ത സ്ഥാപനങ്ങൾ, ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരശേഖരണം, തുടർനടപടികൾ എന്നിവ സാധ്യമാകുന്നില്ല.

ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഇ.എം.ഡി ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

കാവാലം ഗ്രാമപഞ്ചായത്തിൽ നിന്നും മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)ക്ക് അനുവദിച്ച 14921 നമ്പർ രസീതി ബുക്കിലെ 9,10 നമ്പർ രസീതികൾ പ്രകാരം യഥാക്രമം 9000രൂപ, 5500 രൂപ എന്നിങ്ങനെ ആകെ 14,500 രൂപ 09/10/2017ൽ കളക്ട് ചെയ്തിട്ടുണ്ട്. ഈ തുകയുടെ ഒടുക്ക് വിവരങ്ങൾ ലഭ്യമല്ല. ഇതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. രസീത് പ്രകാരം പിരിച്ച തുക യഥാസമയം പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കാത്തത് അതീവ ഗൗരവതരമാണ്. ഇ.എം.ഡി. ഇനത്തിൽ വരവുള്ളതായതിനാൽ രസീതി ഹാജരാക്കി തുക തിരികെ വാങ്ങുന്നതിനും സാധ്യതയുള്ളതിനാൽ ഈ തുകയുടെ ഒടുക്ക് വിവരം പരിശോധിച്ച് വിവരം ഉടൻ അറിയിക്കേണ്ടതാണ്.

## 2-5 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കാവാലം ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ നിയമാനുസൃതം തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന നിക്ഷേപങ്ങളും അവയുടെ തിരികെ നൽകലും കൃത്യമായി തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 282, കേരള പബ്ലിക് വർക്ക്സ് അക്കൗണ്ട് കോഡ് ഖണ്ഡിക 15.4 എന്നിവ പ്രകാരം വിവിധ നിക്ഷേപങ്ങൾ തിരികെ നൽകാൻ അർഹമായ തീയതി മുതൽ 3 പൂർണ സാമ്പത്തിക വർഷത്തിനുള്ളിൽ നിക്ഷേപകൻ അവകാശപ്പെട്ടിട്ടില്ലായെങ്കിൽ ആയത് ഓരോ വർഷവും മാർച്ച് അവസാനം സർക്കാരിലേക്ക് മുതൽ കൂട്ടേണ്ടതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 75 പ്രകാരം പണമിടപാടുമായി ബന്ധപ്പെട്ട് ഈ ചട്ടത്തിൽ നിർദേശിക്കപ്പെട്ടിട്ടില്ലാത്ത സംഗതികളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ചട്ടങ്ങളിലെയും മാർഗരേഖകളിലെയും നിബന്ധനകൾ ബാധകമായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ പഞ്ചായത്തിൽ നിക്ഷപിക്കപ്പെട്ടിട്ടുള്ളതും കാലഹരണപ്പെട്ടതുമായ വിവിധയിനം നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടപ്പെടേണ്ടതാണ്. എന്നാൽ കാവാലം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ 2011 വർഷം മുതൽ സ്വീകരിച്ച തുകകൾ രജിസ്റ്ററിൽ അവശേഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ വർഷം

തിരിച്ചുള്ള വിശദാംശങ്ങളില്ലാത്തതിനാൽ ഇവ പൂർണ്ണമായും തിരികെ നൽകാനുള്ളവ തന്നെയാണോ എന്നത് വ്യക്തമല്ല. ആയത് പരിശോധിച്ച് തിരികെ നല്കാൻ അർഹമായ തീയതി മുതൽ 3 പൂർണ സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ജങ്കാർ ലേലം-ലേലം നടത്തുന്നതിന്റെ വിവരങ്ങളില്ല

ഗ്രാമപഞ്ചായത്തിലെ ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ പരിശോധിച്ചത് പ്രകാരം 2017-18 സാമ്പത്തിക വർഷം തട്ടാശ്ശേരി ജങ്കാർ ലേലം നടത്തിയിട്ടില്ല. എന്നാൽ ഈയിനത്തിൽ ഡിമാന്റായി 3,00,000 രൂപ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജങ്കാർ കടത്ത് ലേലം ചെയ്യാതെ നേരിട്ട് മുൻകരാറുകാരെ ഏൽപ്പിക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്. ഈയിനമൊഴികെ ബാക്കി കുത്തകകൾ കൃത്യമായി ലേലം നടത്തിവരുന്നുണ്ട്. പഞ്ചായത്തിലെ ജങ്കാർ ലേലം നടത്താതെ നേരിട്ട് ഏൽപ്പിക്കുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. ഏറ്റവും വലിയ ലേല ഇനമായ തട്ടാശ്ശേരി ജങ്കാർ ലേലം വഴി പഞ്ചായത്തിന് ലഭിക്കേണ്ട ലേലവരുമാനത്തിൽ ഇതുമൂലം കുറവുണ്ടാകുന്നതിന് സാധ്യതയുണ്ട്. ഈ കാര്യങ്ങൾക്ക് പഞ്ചായത്ത് വിശദീകരണം നൽകിയിട്ടില്ല. പഞ്ചായത്തിലെ ജങ്കാർ ലേലം കൃത്യമായി ലേലം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പള കുടിശ്ശിക-പരിഷകരിച്ച നിരക്കിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല

2014 ലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് (സ.ഉ(പി) 7/2016/ഫിൻ. തീയതി, 20.01.2016) പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും പരിഷ്ക്കരണം ബാധകമായ 07/2014 മുതൽ 01/2016 വരെയുള്ള കാലയളവിലെ ശമ്പള പരിഷ്ക്കരണ കുടിശ്ശിക 01.04.2017 മുതൽ 01.10.2018 വരെ 4 ഗഡുക്കളായി നല്കുന്നതിനും ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ജീവനക്കാരുടെ പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ 01.07.2014 മുതൽ പ്രാബല്യത്തിൽ ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കാവാലം ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം 01.07.2014 മുതൽ പ്രാബല്യത്തിൽ പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ അനുവദിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം പരിഷ്കരിച്ച ശമ്പള കുടിശ്ശിക അനുവദിച്ച ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചതായി കാണുന്നില്ല. ജീവനക്കാരുടെ പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ഫെസ്റ്റിവൽ അഡ്വാൻസ്-പൂർണ്ണമായും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് അനുവദിച്ച ഫെസ്റ്റിവൽ അഡ്വാൻസിൽ 18,000/- രൂപ 2018 മാർച്ച് 31 ന് തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അഡ്വാൻസിന്റെ വിശദാംശങ്ങളും തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വിശദാംശങ്ങളോ മറുപടിയോ ലഭ്യമാക്കിയില്ല. ഈ അഡ്വാൻസ് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 ഇ.എം.എസ്. ഭവനവായ്പ തെറ്റായ ഹെഡ്ഡിൽ വരവ് വച്ചതു മൂലം വായ്പ ഇപ്പോഴും കുടിശിക നില്ക്കുന്നു

പ്രോജക്ട് നമ്പർ – 12

അടങ്കൽ – 13,46,477/-

ബിൽ നം. 4/24.6.17 – 8,28,000

39/28.3.18 -5,16,852

ചെക്ക് നം. 262656/31.3.18 - 1,625

ഇ.എം.എസ്. ഭവനവായ്പ പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം 13,46,477/- രൂപ മാത്രമാണ് മുതലിനത്തിൽ ബാക്കി നിൽക്കുന്നത്. ഇത് മൂന്ന് തവണയായി ജില്ലാ സഹകരണ ബാങ്കിന്റെ കാവാലം ബ്രാഞ്ചിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇതിലെ ഒരു വിഹിതമായ 5,16,852/- രൂപ, വായ്പയുടെ പലിശയിനത്തിലാണ് വരവ് വച്ചിരിക്കുന്നത്. പലിശ ഇനത്തിലുള്ള തുക ഒടുക്കേണ്ട ചുമതല സർക്കാരിനാണ്. ഈ തുക മുതലിനത്തിൽ വരവ് വച്ചിരുന്നുവെങ്കിൽ വായ്പ പൂർണമായി തീരുമായിരുന്നു. ബാങ്ക് ഇത്തരത്തിൽ തെറ്റായ നടപടി സ്വീകരിച്ചതിനാൽ ഇപ്പോഴും ബാങ്കിൽ 5,16,852/- രൂപ വായ്പ കുടിശകയായി നിലനില്ക്കുന്നു. ഈ തുകയ്ക്ക് തുടർന്ന് നല്കേണ്ടി വരുന്ന പലിശ സർക്കാരിന് അധിക ബാധ്യതയാണ്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പരിഹരിക്കപ്പെട്ടില്ലായെങ്കിൽ സർക്കാരിൽ ഇക്കാര്യം അറിയിച്ച് തുടർനടപടികൾ

സ്വീകരിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ 5,16,852/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. പലിശ ശീർഷകത്തിൽ നിന്നും തുക മുതലിലേക്ക് മാറ്റി വിവരം ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 തനത് ഫണ്ട് അക്കൗണ്ടിൽ അധിക ചാർജ്ജ് ഈടാക്കുന്നു

കാവാലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സ്റ്റേറ്റ് ബാങ്ക് കാവാലം ശാഖയിലെ 67311582965 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ പ്രതിമാസം 10 തവണക്ക് മേലുള്ള ഓരോ നിക്ഷേപത്തിനും 59/- രൂപ നിരക്കിൽ ബാങ്ക് നിരക്ക് ഈടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന വരവ് തൊട്ടടുത്ത പ്രവൃത്തി ദിനം തന്നെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതിനാൽ എല്ലാ മാസവും വലിയ തുക ബാങ്ക് ചാർജ്ജായി നഷ്ടം വരുന്നുണ്ട്. ഈ സർവ്വീസ് ചാർജ്ജ് ഒഴിവാക്കുന്നതിന് ഭരണസമിതി തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 ട്രാൻസ്ഫോർമറുകളിൽ മീറ്റർ സ്ഥാപിക്കൽ - പെർഫോമൻസ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം. 15

അടങ്കൽ -2,26,000

ചെലവ് -2,26,000

ബിൽ നം .8/18.8.17

ട്രാൻസ്ഫോർമറുകളിൽ മീറ്റർ സ്ഥാപിക്കൽ - എന്ന പദ്ധതിക്ക് വേണ്ടി 2,26,000 രൂപ KSEB യിൽ ഒടുക്കിയിട്ടുണ്ട്. ഇതിന് വേണ്ടി KSEB യുമായി ഏർപ്പെട്ട കരാർ പ്രകാരം പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച പെർഫോമൻസ് റിപ്പോർട്ട് പഞ്ചായത്തിന് നൽകേണ്ടതുണ്ട് എന്നാൽ ഇത് പ്രകാരമുള്ള റിപ്പോർട്ട് പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് പെർഫോമൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവു തുകയായ 2,26,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പ്രൊജക്റ്റിൽ വിഭാവനം ചെയ്തതിനേക്കാൾ കൂടുതൽ സാധനങ്ങൾ വാങ്ങിയതു സംബന്ധിച്ച്

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി പ്രകാരം ആകെയുള്ള ഗുണഭോക്താക്കൾ 36 പേരാണ്. ഇതിൽ 4 ഗുണഭോക്താക്കൾ, കട്ടിലിന്റെ വാങ്ങൽ നടത്തുന്നതിനു മുമ്പ് തന്നെ മരണപ്പെട്ടു. തുടർന്നുള്ള 32 ഗുണഭോക്താക്കൾക്ക് വേണ്ടി മാത്രമാണ് കട്ടിൽ വാങ്ങേണ്ടത്. എന്നാൽ ഒരു കട്ടിലിന് 3878/- രൂപ പ്രകാരം 58 കട്ടിലുകൾ 224893/- രൂപ ചെലവഴിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ വാങ്ങിയിട്ടുണ്ട്. (58 x 3878 =224924 എന്നാൽ നൽകിയത് 224893)

അധികമായി 26 കട്ടിലുകൾ 1,00,828/-രൂപ (3878x26) ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ഇതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നൽകിയ മറുപടി പ്രകാരം അശ്രദ്ധ മൂലമാണ് ഇങ്ങിനെ സംഭവിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം കൂടുതലായി വാങ്ങിയ കട്ടിലുകൾ തിരികെ നൽകി അധികം ചെലവഴിച്ച 100828 രൂപയ്ക്ക് പകരം 100816/- രൂപ ചെലാൻ പ്രകാരം ട്രഷറിയിൽ തിരികെ അടച്ചിട്ടുണ്ട്.

തുക ട്രഷറിയിൽ ഒടുക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | തുക | ഒടുക്കിയ തീയതി |
|---|---|---|
| | 85304 | 31.3.18 |
| | 11634 | 27.2.19 |
| | 3878 | 14.3.19 |
| ആകെ | 100816 | |

ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതി-വാഴവിത്ത് വിതരണം-വിതരണ രേഖകളില്ല

പ്രോജക്ട് നം. എസ്0079/18

പ്രോജക്ടിന്റെ പേര്: വാഴഗ്രാമം (വാഴക്കന്ന് വിതരണം)

അടങ്കൽ: വികസന ഫണ്ട് - 100000/- രൂപ

ചെലവ്: 96000/- രൂപ (1. ട്രഷറി ബിൽ നം.6 തീയതി, 24.01.2018-96,000/- രൂപ)

2017-18 സാമ്പത്തിക വർഷം വാഴഗ്രാമം എന്ന പദ്ധതിക്കായി 96,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ

നടത്തിപ്പിലേക്കായി 15 രൂപ നിരക്കിൽ 6400 വാഴവിത്ത് വാങ്ങിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ വാഴവിത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി മെമ്പർമാരെ ഏല്പിച്ചതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇപ്രകാരം കൈപ്പറ്റിയ വാഴവിത്തുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

| വാർഡ് നം. | കൈപ്പറ്റിയ വാഴവിത്തുകളുടെ എണ്ണം |
|---|---|
| 1 | 493 |
| 2 | 493 |
| 3 | 493 |
| 4 | 493 |
| 5 | 493 |
| 6 | 493 |
| 7 | 493 |
| 8 | 493 |
| 9 | 493 |
| 10 | 493 |
| 11 | 493 |
| 12 | 493 |
| 13 | 484 |
| ആകെ | 6400 |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പദ്ധതി-നിയമാനുസൃതമായി കരാർ ചമച്ചില്ല

കാവാലം ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം നിർവ്വഹിച്ച വിവിധ വാർഡുകളിൽ ആർ.ഒ പ്ലാന്റ് സ്ഥാപിക്കൽ (പ്രോജക്ട് നം.92/2018) എന്ന പദ്ധതിയുടെ മരാമത്ത് വേലകളുടെ കരാറുകാരൻ കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD dated 01.02.2012) സെക്ഷൻ 2010 പ്രകാരമുള്ള കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. പകരം കരാറുകാരൻ ബിഡ് ഡോകുമെന്റ്സ് നോടൊപ്പം സമർപ്പിച്ച (KPWD മാനുവൽ സെക്ഷൻ 2007.2 ഇനം.12) പ്രിലിമിനറി എഗ്രിമെന്റിന്റെ തലക്കെട്ടിൽ തിരുത്തൽ വരുത്തി എഗ്രിമെന്റ് എന്ന പേരിൽ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിൽ പ്രിലിമിനറി എഗ്രിമെന്റിലെ വ്യവസ്ഥകൾ മാത്രമാണുൾക്കൊള്ളുന്നത്. പ്രിലിമിനറി എഗ്രിമെന്റിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകളും കരാറിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകളും വ്യത്യസ്തമായിരിക്കെ നിയമപരമായ കരാറിലേർപ്പെടാതെ പ്രിലിമിനറി എഗ്രിമെന്റിൽ തിരുത്തൽ വരുത്തി എഗ്രിമെന്റായി സ്വീകരിച്ചതിന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കേണ്ടതാണ്. പ്രവർത്തിയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | : | പ്രോജക്ട് നം.92/2018 |
| പ്രോജക്ടിന്റെ പേര് | : | വിവിധ വാർഡുകളിൽ ആർ.ഒ പ്ലാന്റ് സ്ഥാപിക്കൽ |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.വി.ജി.കണ്ണൻ, വെളിയിൽ |
| എഗ്രീഡ് പി.എ.സി | : | 550048/- രൂപ |
| ചെലവ് | | 544341/- രൂപ<br>ട്രഷറി ബിൽ നം.61 തീയതി, 22.03.2018 |
| എഗ്രിമെന്റ് നം. | : | 15/AE/KVM/16-17 തീയതി, 16.01.2018 |

## 3-9 കരാർ പ്രകാരമുള്ള കാലയളവിൽ പ്രവർത്തി പൂർത്തകരിച്ചില്ല-ഫൈൻ ഈടാക്കിയില്ല

കാവാലം ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം താഴെപ്പറയുന്ന പ്രവർത്തികളുടെ നിർവ്വഹണത്തിനായി

തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയ തീയതിയ്ക്കുള്ളിൽ കരാറിൽ ഏർപ്പെടാതിരുന്നിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കാതെ കരാറിൽ ഏർപ്പെടുന്നതിന് അനുവദിച്ചതായി കാണുന്നു. പദ്ധതികളുടെ സെലക്ഷൻ നോട്ടീസ് (നം.AE/LSGD/KAVLM/Tender/16-17 തീയതി, 18.03.2017) പ്രകാരം 25.03.2017 ന് മുൻപായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതായിരുന്നു. 26.03.2017 മുതൽ 01.04.2017 വരെ 1% പിഴ ചുമത്തി കരാർ ഉടമ്പടി ഒപ്പു വയ്ക്കാവുന്നതാണെന്ന് സെലക്ഷൻ നോട്ടീസിൽ പറഞ്ഞിരിക്കുന്നു. എന്നാൽ താഴെപ്പറയുന്ന പ്രവർത്തികളുടെ കരാറുകാർ 29.03.2017-ൽ എഗ്രിമെന്റിൽ (എഗ്രിമെന്റ് നം.22/AE/LSGD/KKGP/17-18 തീയതി,14.09.2017, എഗ്രിമെന്റ് നം.23/AE /LSGD/KKGP/17-18 തീയതി,14.09.2017) ഏർപ്പെട്ടിട്ടുള്ളത്. എന്നാൽ കരാറുകാരിൽ നിന്നും എഗ്രീഡ് പി.എ.സിയുടെ 1% പിഴയായി ഈടാക്കിയതായി കാണുന്നില്ല. ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് 1450/- രൂപ നഷ്ടപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 42/18 |
| പ്രോജക്ടിന്റെ പേര് | : | ആയുർവേദാശുപത്രി റീവയറിംഗ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.എം.സി.മാത്യു, മാമ്പറമ്പിൽ |
| എഗ്രീഡ് പി.എ.സി | : | 85000/- രൂപ |
| ചെലവ് | | 70451/- രൂപ<br>ട്രഷറി ബിൽ നം.37,38 തീയതി.29.08.2017 |
| എഗ്രിമെന്റ് നം. | : | 41/AE/KVLM/16-17 തീയതി.29.03.2017 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 85000x1% =850/- രൂപ |

| | | |
|---|---|---|
| 2.പ്രോജക്ട് നം. | : | 43/18 |
| പ്രോജക്ടിന്റെ പേര് | : | കാവാലം പി.എച്ച്.സി ഫാർമസി വൈദ്യുതീകരണവും ശീതീകരണവും |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ആർ.ഹരീഷ്, ഹരീഷ് ഭവൻ |
| എഗ്രീഡ് പി.എ.സി | : | 60000/- രൂപ |
| ചെലവ് | | 59854/- രൂപ<br>ട്രഷറി ബിൽ നം.40 തീയതി.15.10.2017 |
| എഗ്രിമെന്റ് നം. | : | 43/AE/KVLM/16-17 തീയതി.29.03.2017 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 60000x1% =600/- രൂപ |

ഫൈൻ ഈടാക്കാതിരുന്നതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് - പ്രവർത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോജക്ട് നം. | : | പ്രോജക്ട് നം.56/2018 |
| പ്രോജക്ടിന്റെ പേര് | : | വിവിധ വാർഡുകളിൽ ആർ.ഒ പ്ലാന്റ് സ്ഥാപിക്കൽ |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| നിർവ്വഹണ ഏജൻസി | : | ഐ.ആർ.റ്റി.സി പ്രോജക്ട് ഇംപ്ലിമേഷൻ യൂണിറ്റ്, മുണ്ടൂർ, പാലക്കാട് |
| എഗ്രീഡ് പി.എ.സി | : | 5,50,000/- രൂപ |
| ചെലവ് | | 1,10,000/- രൂപ<br>ട്രഷറി ബിൽ നം.14 തീയതി.27.06.2017 |
| എഗ്രിമെന്റ് നം. | : | 29.03.2017-ലെ ധാരണാപത്രം |
| എം.ബുക്ക് നം. | : | 36/16-17 |

കാവാലം ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം നിർവ്വഹണം ആരംഭിച്ച മേൽ പദ്ധതിയ്ക്ക് പദ്ധതി ചെലവിന്റെ 20% തുക (1,10,000/-രൂപ) മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും പ്രവർത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. ധാരണാ പത്രത്തിലെ 4-ാം വ്യവസ്ഥ പ്രകാരം മുൻകൂർ നല്കുന്ന തുകയുടെ 90% വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം നല്കുന്ന മുറയ്ക്ക്

അടുത്ത ഗഡു ഐ.ആർ.റ്റി.സി-ക്ക് കൈമാറേണ്ടതാണ്. 27.06.2017-ൽ അഡ്വാൻസ് കൈപ്പറ്റിയ ശേഷം നാളിതുവരെയായും പ്രവർത്തികളൊന്നും നിർവ്വഹിച്ചതായി എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കരാർ പ്രകാരം പ്രവൃത്തി നിർവ്വഹണം നടന്നിട്ടുള്ളത് വ്യക്തമല്ലാത്ത സാഹചര്യത്തിൽ ചെലവുതുകയായ 1,10,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ-ഫയലുകൾ ഹാജരാക്കിയില്ല

കാവാലം ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായ് ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| 1 | 46/2018<br>അംഗനവാടികളുടെ പുനരുദ്ധാരണം | 120000 |
| 2 | 110/2018<br>മേനോൻപറമ്പ് പാലം നിർമ്മാണം വാർഡ് 3,4 | 78383 |

മേൽ പദ്ധതികളുടെ ഫയലുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 198383/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 പഞ്ചായത്ത് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ബാധ്യതകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

കാവാലം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിലെ ബി- 9 ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതിയിനത്തിൽ 10750 രൂപയും other liabilities ശീർഷകത്തിൽ 485632 രൂപയും 2018 മാർച്ച് 31 ന് തിരികെ നൽകാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.ഈ ബാധ്യതകളുടെ വിശദാംശങ്ങളും തുക തിരികെ നൽകുന്നതിന് സ്വീകരിച്ച നടപടികളും വിശദീകരിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിന്റെ ഈയിനങ്ങളിലെ ബാധ്യതകളുടെ വിശദവിവരങ്ങളും തുടർ നടപടികളും സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന

കാവാലം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട് (നം.കെ.എസ്.എ-എ.എൽ.പി/ജി.എ.4-1126(3)/18 തീയതി. ).

ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തിലെ വിവിധ ലേലങ്ങൾ കൈക്കൊണ്ട ആളുകൾ 149104/- രൂപ അടക്കാൻ ബാക്കി നില്ക്കുന്നതായി ലേല രജിസ്റ്റർ പ്രകാരം കാണുന്നു. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15-ൽ ഈ തുക ആസ്തിയായി ഉൾപ്പെട്ടിട്ടില്ല.
2. ഇ.എം.എസ് ലോണിന്റെ പാസ്ബുക്ക് പരിശോധിച്ചതിൽ 5,16,852/- ഒടുക്കാനുള്ളതായി കാണുന്നു. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.5-ൽ ഈ തുക ബാധ്യതയായി ഉൾപ്പെട്ടിട്ടില്ല.
3. ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Contributions towards joint venture projects from District Panchayaths എന്ന ഇനത്തിലുള്ള തുക 1160000/- രൂപ എന്ന് കാണുന്നു. എന്നാൽ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ 645000/- രൂപ മാത്രമാണ് തൻവർഷം ചെലവായി കാണിച്ചിട്ടുള്ളത്. അവശേഷിക്കുന്ന തുക (515000/-രൂപ) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.4-ൽ ഉൾപ്പെട്ടിട്ടില്ല.
4. ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Contributions towards joint venture projects from Block Panchayaths എന്ന ഇനത്തിലുള്ള തുക 56150/- രൂപ എന്ന് കാണുന്നു. എന്നാൽ സുലേഖ സോഫ്റ്റ്വെയർ പ്രകാരമുള്ള എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ 1,71,337/- രൂപ തൻവർഷം ചെലവുള്ളതായി കാണുന്നു.
5. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-10 പ്രകാരം Recovery from Employees-Audit Recovery based on Charge Certificate എന്ന ഇനത്തിൽ 93625/- രൂപ വരവുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈയിനത്തിൽ 63625/- രൂപ മാത്രമാണ് യഥാർത്ഥത്തിൽ വരവുള്ളത്. 29640/- രൂപ മറ്റിനത്തിലുള്ള വരവ് ഹെഡ് മാറി അക്കൗണ്ട് ചെയ്തതാണ്.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|

| സ്ഥാപനം | തുക | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 90000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലളവിനാനുപാതികമായി ഇൻസന്റീവ് വിതരണം 77/17-18 | 57313 | 32687 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 5/17-18 | 99998 | 2 |
| ബ്ലോക്ക് പഞ്ചായത്ത് | 75000 | അനുപൂരക പോഷകാഹാരം 4/17-18 | 14026 | 60974 |
| ജില്ലാ പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 5/17-18 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 1160000 | ലൈഫ് ഭവന നിർമാണ പദ്ധതി 115/17-18 | 645000 | 515000 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ട്രാൻസ്ഫോർമറിൽ മീറ്റർ സ്ഥാപിച്ചത് | 222600 | 0 | 222600 |
| പി.ഡബ്ല്യു.ഡി- കെട്ടിട വിഭാഗം | അംഗൻവാടികളുടെ പുനരുദ്ധാരണം | 120000 | 0 | 120000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (ഖണ്ഡിക 3-3 കാണുക) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | സ.ഉ(സാധാ) നം. 960/2010, ത.സ്വ.ഭ.വ,20.03.2010 | 9988500 | 1346477 | 829625 | 5,16,852/- | 5,16,852/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 2(2), 2(4)(1), 2(4)(2), 2(3)(1)-(5) | 62625 | ഫിലോമിന ഇ എ, സെക്രട്ടറി | 117030500002 തീ 26/4/17 |
| 2016-17 | 2(5) | 1000 | മന്മഥൻ നായർ | 117030101950 തീ 16/2/18 |
| | ആകെ | 63625 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2003-2004 | 2-4 | 2007-2008 | 3.24.1 | ടെണ്ടർ ക്ഷണിക്കാതെ പൈപ്പ് വാങ്ങി | ആർ.ആർ നടപടി സ്വീകരിച്ചിട്ടുണ്ട് |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008-09<br>2009-10<br>2010-11 | | ശ്രീമതി. ശോഭന, പെരുമ്പ്രായിൽ, അരൂർ പി ഒ, ആലപ്പുഴ | LF.15116/SPL.CELL /CSC/B3/2014, 29/11/2016 | 51300 | | | | | | 51300 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43873304 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42527492 |
| വരവിനങ്ങളിലുള്ള നഷ്ടം | 7500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1147235 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1(1) | 7500 | | ശ്രീ. പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി |
| ആകെ | 7500 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 516852 | ജി.രാജ്കുമാർ, സെക്രട്ടറി |
| 3-5 | 226000 | ശ്രീ.പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി |
| 3-7 | 96000 | അനിൽ.കെ.ആന്റോ,കൃഷി ഓഫീസർ |
| 3-10 | 110000 | റ്റി ആർ തിലകൻ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 198383 | റ്റി ആർ തിലകൻ,അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1147235 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി | സെക്രട്ടറി, കാവാലം ഗ്രാമപഞ്ചായത്ത് | പനയ്ക്കൽ ചിറയിൽ, കാട്ടൂർ.പി.ഒ, ആലപ്പുഴ |
| ജി.രാജ്കുമാർ | സെക്രട്ടറി, കാവാലം ഗ്രാമപഞ്ചായത്ത് | ഗംഗോത്രി, കല്ലമ്പലം.പി.ഒ. തിരുവനന്തപുരം – 695607 |
| ശ്രീ. അനിൽ.കെ.ആന്റോ,കൃഷി ഓഫീസർ | കൃഷി ഓഫീസർ, കാവാലം ഗ്രാമപഞ്ചായത്ത് | കൊല്ലൂർ വീട്, പുളിങ്കുന്ന് പി ഒ, ആലപ്പുഴ |
| റ്റി ആർ തിലകൻ,അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | അതുൽ ഭവൻ, കലവൂർ പി ഒ, ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1984-85 | എൽ.എഫ്.എ.10/1402/87 തീയതി,11.02.88 |
| 1985-86 | എൽ.എഫ്.എ.10/1067/88 തീയതി,09.03.89 |
| 1986-87 | എൽ.എഫ്.എ.10/1171/89 തീയതി, 10.10.89 |
| 1987-88 | എൽ.എഫ്.എ.10/246/91 തീയതി, 31.02.1991 |
| 1989-90 | എൽ.എഫ്.എ.10/1552/91 തീയതി, 7.2.91 |
| 1990-91 | എൽ.എഫ്.എ.10/994/92 തീയതി, 11.2.92 |
| 1991-92, 92-93 | എൽ.എഫ്.എ.10/420/93 തീയതി, 18.5.03 |
| 1993-94, 94-95 | എൽ.എഫ്.എ.10/663/98 തീയതി 17.5.09 |
| 1997-98 (ചെലവ്) | എൽ.എഫ്.എ.14/92/01/21.04.01/5.7.01 |
| 1999-00 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 2002-03 (ചെലവ്) | എൽ.എഫ്. ജി.എ5/1832/11/8.2.12 |
| 2003-04 (ചെലവ്) | എൽ.എഫ്.ജി.എ5/1832/11/28.2.12 |
| 2006-07(ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./298/11/24.6.11/31.3.11 |
| 2007-08 (ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./299/11/27.6.11/31.7.11 |
| 2008-09, 2009-10, 10-11 | എൽ.എഫ്.എ.പി.10/837/2012/14.2.12 |
| 2011-12,12-13 | എൽ.എഫ്.എ.പി.10/489/14/3.6.14/15.7.14 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി.10-1569/15, 23.12.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി.10/838/2016/30.7.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി.10/47/2017/24.01.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി10-1314/17 തീയതി, 04.11.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം 1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(35)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 10.08.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാവാലം ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അനുബന്ധം ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം